**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 588** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ നിന്നുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016-ന് ശേഷം സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി ഏതെല്ലാം സ്ഥാപനങ്ങൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2013 ലെ കമ്പനി നിയമം അനുസരിച്ച് കമ്പനികൾ അറ്റലാഭം ഉണ്ടാക്കിയ നടപ്പ് വർഷം ഉൾപ്പെടെയുള്ള മൂന്ന് മുൻ വർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കി വെക്കണമെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികൾ നിർബന്ധമായും അവരുടെ അറ്റലാഭത്തിന്റെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ടതാണ്. 2016-17 വർഷം മുതൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു. കെ.എം.എം.എൽ - 8,95,12,294 രൂപ (ഇതിൽ 1,20,00,000 രൂപ കോവിഡ് ഹോസ്പിറ്റൽ രൂപീകരണവുമായി ബന്ധപ്പെട്ടതാണ് കെ.എസ്.ഡി.പി - 3,73,24,835 രൂപ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് - 1,61,28,642 രൂപ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് - 1,61,27,000 രൂപ കെൽട്രോൺ - 20,15,280 രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് (2017 മുതൽ 2019 വരെ) - 17,53,650 രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് - 1,86,440 രൂപ |
| (ബി) | അറ്റലാഭം ഉണ്ടായിട്ടും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതി നടപ്പിലാക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 2013 ലെ കമ്പനി നിയമം അനുസരിച്ച് കമ്പനികൾ അറ്റലാഭം ഉണ്ടാക്കിയ നടപ്പ് വർഷം ഉൾപ്പെടെയുള്ള മൂന്ന് മുൻ വർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കി വെക്കണമെന്ന് |

| | | | |
|---|---|---|---|
| | | | അനുശാസിക്കുന്നു. ഇത് പ്രകാരം അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികൾ നിർബന്ധമായും അവരുടെ അറ്റലാഭത്തിന്റെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ടതാണ്. 2016-17 വർഷം മുതൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു. കെ.എം.എം.എൽ - 8,95,12,294 രൂപ (ഇതിൽ 1,20,00,000 രൂപ കോവിഡ് ഹോസ്പിറ്റൽ രൂപീകരണവുമായി ബന്ധപ്പെട്ടതാണ്) കെ.എസ്.ഡി.പി - 3,73,24,835 രൂപ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് - 1,61,28,642 രൂപ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് - 1,61,27,000 രൂപ കെൽട്രോൺ - 20,15,280 രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് (2017 മുതൽ 2019 വരെ) - 17,53,650 രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് - 1,86,440 രൂപ |
| (സി) | 2016-ന് ശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിൽ സി. എസ്. ആർ. ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ? | (സി) | 2016-ന് ശേഷം കെ.എം.എം.എൽ. 16,19,500/- രൂപയും കെ.എസ്.ഐ.ഡി.സി. 2,13,34,092/- രൂപയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് 1,61,28,642/- രൂപയും കെൽട്രോൺ 20,15,280/- രൂപയും ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക ക്ഷേമ മേഖലകളിലെ വിവിധ പദ്ധതികൾക്കായി സി.എസ്.ആർ. ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ വിനിയോഗിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ